# കാനഡയിൽ നടന്ന ആക്രമണങ്ങളിൽ  പ്രധാനമന്ത്രി അപലപിച്ചു

**ഒക്ടോബർ 23, 2014**

**" ക്യൂബെക്കിലും ഒട്ടാവായിലും സേനാ ഉദ്യോഗസ്ഥർക്കെതിരെയും കാനഡയിലെ പാർലമെന്റ് മന്ദിരത്തിന് നേരെയും നടന്ന ആക്രമണങ്ങളെ ഞാൻ ശക്തമായി അപലപിക്കുന്നു.  ഒരു പാർലമെന്റ് മന്ദിരം ജനാധിപത്യത്തിന്റെ ക്ഷേത്രത്തെ പോലെയാണ്, ജനാധിപത്യ ആദർശങ്ങളിൽ വിശ്വസിക്കുന്നവരുടെ മനസ്സുകളിൽ   പ്രത്യേക സ്ഥാനം ആണ് പാർലമെന്റിന് ഉള്ളത്. പാർലമെന്റിന് നേരെ നടന്ന ഭീകര ആക്രമണം അനുഭവിച്ച രാജ്യം എന്ന നിലയിൽ ജനാധിപത്യത്തിലെ ഏറ്റവും ഉയർന്ന സ്ഥാപനത്തിന്  നേരെ നടന്ന ആക്രമണത്തോട് കാനഡയിലെ  ജനങ്ങൾക്ക്  അനുഭവപ്പെട്ട കയ്പേറ്റവും  ആഘാതവും നല്കിയ വിഷമങ്ങൾ  ഞങ്ങൾ പങ്ക് വയ്ക്കുന്നു.  ഈ വിഷമ ഘട്ടത്തിൽ,  കാനഡയിലെ ജനങ്ങളോടുള്ള ഞങ്ങളുടെ  ഐക്യദാർഢ്യം  ഇന്ത്യയിലെ ജനങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട് ഞാൻ  അറിയിക്കുകയും കാനഡയിൽ ജീവൻ നഷ്ടപ്പെട്ട സൈനികരോടുള്ള ഞങ്ങളുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.  ഇന്ത്യയുടെ ശക്തമായ പങ്കാളികളിൽ ഒന്നാണ് കാനഡ നമ്മുടെ ജനങ്ങളുടെ സുരക്ഷിതമായ ഭാവിക്ക് വേണ്ടി തീവ്രവാദത്തിനെതിരെയുള്ള യുദ്ധത്തിൽ ഞങ്ങളുടെ സഹകരണം ശക്തിപ്പെടുത്തുന്നത് ഞങ്ങൾ തുടരുക തന്നെ ചെയ്യും. "**